# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**17.07.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു.ഗ്രാമ വികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26.06.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** 2013-14 വാർഷിക പദ്ധതിയിൽ 1209 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 204704 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടത്തിയിട്ടുണ്ടെന്നും ഇവയുടെ മൊത്തം അടങ്കൽ 10617 കോടി രൂപയാണെന്നും നിരീക്ഷിച്ചു. ഇവയിൽ 197126 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തിയാക്കുകയും, 145845 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതികളുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**2.2** ഡാറ്റാഎൻട്രിക്ക് കൂടുതൽ സമയം ആവശ്യപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെറിറ്റിന്റെ അടിസ്ഥാനത്തിൽ സൗകര്യം അനുവദിച്ചതായി സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

**2.3** ബ്ലോക്ക് പഞ്ചായത്തുകൾ ചെയ്യുന്ന റോഡുകൾ പൂർത്തീകരണത്തിനുശേഷം ഗ്രാമപഞ്ചാത്തുകൾക്ക് കൈമാറുന്നുണ്ടെങ്കിലും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ലെന്ന് നിരീക്ഷിക്കുകയുണ്ടായി. ഒന്നിലേറെ ഗ്രാമപഞ്ചായത്തുകളിൽ കൂടി കടന്നുപോകുന്നതും ബ്ലോക്ക് പഞ്ചായത്തുകൾ ചെയ്തതുമായ റോഡുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന കാര്യം പരിശോധിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

**2.4** പ്രാദേശികമായ തർക്കങ്ങളും രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങളും കാരണം പദ്ധതി രൂപീകരണം ചില സ്ഥാപനങ്ങളിൽ തടസ്സപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടു. വികസനം തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ സ്വീകരിക്കേണ്ട നയപരമായ തീരുമാനങ്ങൾ നിർദ്ദേശിക്കാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

**2.5** ഉൽപാദന, പശ്ചാത്തല സേവന മേഖലകളിൽ വകയിരുത്തിയിരിക്കുന്ന ഫണ്ടുകളുടെ നിലവാരം എപ്രകാരമാണ് എന്ന് പരിശോധിക്കേണ്ടതുള്ളതിനാൽ 100 തദ്ദേശഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് ഒരു തീവ്രമൂല്യനിർണ്ണയപഠനം നടത്താൻ സംസ്ഥാന ആസൂത്രണബോർഡിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു.

**2.6** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭവന നിർമ്മാണവുമായും ഭവന പുനരുദ്ധാരണവുമായും ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.ധനകാര്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലും ഒരു ഉന്നതതലയോഗം ചേരുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

**2.7** തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിൽ ചെലവാക്കപ്പെടാതെ ശേഷിക്കുന്ന തുക സമാഹരിച്ച് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള സാദ്ധ്യത ധനകാര്യവകുപ്പുമായി ചർച്ച ചെയ്യാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

### 3. പ്രത്യേക വിഷയങ്ങൾ

**3.1 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽ നം.22937/ഡി.ബി.3/13/തസ്വഭവ) തീയതി.17.07.2013**

ആരംഭിച്ചുകഴിഞ്ഞ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അനുവാദം അഭ്യർത്ഥിച്ചത് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 തൃശൂർ കോർപ്പറേഷൻ (ഫയൽ നം. 41014/ഡി.എ3/13/തസ്വഭവ) തീയതി.17.07.2013**

തൃശൂർ കോർപ്പറേഷന്റെ ആവശ്യം അംഗീകരിച്ചു കഴിഞ്ഞതായി സ്റ്റേറ്റ് പെർഫോർമനസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ബ്ലോക്ക് പഞ്ചായത്തുകൾ റോഡിനു വിഹിതം നൽകുന്നത് സംബന്ധിച്ച് (ഫയൽ നം.37944/ഡി.എ2 /13/തസ്വഭവ) തീയതി.17.07.2013**

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണനാർഹമല്ലെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 വടവുകോട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.39144/ഡി.എ2/13/തസ്വഭവ) തീയതി.17.07.2013**

നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് ഗ്രാമ ന്യായാലയം സ്ഥാപിക്കാനുള്ള നിർദ്ദേശം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം40017/ഡി.ഡി.1/13/തസ്വഭവ) തീയതി.17.07.2013**

ഭവന പദ്ധതി നടപ്പാക്കുന്നതിനായി ബാങ്കിൽ നിക്ഷേപമായി ബാക്കി നിൽക്കുന്ന തുക ഫണ്ട് ലഭിക്കുമ്പോൾ തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിൽ വിനിയോഗിക്കാൻ അനുവദിച്ചു തിരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 38486/ഡി.ഡി.2/13/തസ്വഭവ) തീയതി.17.07.2013**

തനതു ഫണ്ടിൽ നിന്നും ചെലവു ചെയ്യണമെന്ന വ്യവസ്ഥയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 സബ്സിഡി ആനുകൂല്യം വരുമാന പരിധി വർദ്ധിപ്പിച്ചതിന് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരിക്കുന്നു.**

**(ഫയൽ നം 41018/ഡി.ഡി.1/13/തസ്വഭവ) തീയതി.17.07.2013**

4.01.2011-ലെ സ.ഉ.(കൈ)16/2011/തസ്വഭവ നമ്പർ ഉത്തരവിലെ (ഖണ്ഡിക 2) ബി.പി.എൽ മാനദണ്ഡങ്ങളിലെ ഒഴിവാക്കൽ അനുസരിച്ച് കണക്കാക്കണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 40364/ഡി.ഡി.2/13/തസ്വഭവ) തീയതി.17.07.2013**

ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ട സ്പഷ്ടീകരണത്തിന് സാധൂകരണം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ 40372/ഡി.ഡി.2/13/തസ്വഭവ) തീയതി.17.07.2013**

31.05.2013-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം 2.4 പ്രകാരമുള്ള നിബന്ധനകൾ അനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 മാള ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 41495/ഡി.ഡി.1/13/തസ്വഭവ) തീയതി.17.07.2013**

3.7 ഇനം തീരുമാനം മാള ബ്ലോക്ക് പഞ്ചായത്തിനും ബാധകമെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 എം.എൽ.എ. ആസ്തി വികസന ഫണ്ട് (ഫയൽ നം 36367/ഡി.ഡി.1/13/തസ്വഭവ) തീയതി.17.07.2013**

MLA/SDF മാർഗരേഖ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 മുഖത്തല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 38275/ഡി.ഡി.2/13/തസ്വഭവ) തീയതി.17.07.2013**

ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ച് തീരുമാനിച്ച

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ആരോഗ്യ പദ്ധതികളുടെ ഡാറ്റാഎൻട്രി (ഫയൽ നം 41667/ഐ.ബി.1/13/തസ്വഭവ) തീയതി.17.07.2013**

ആവശ്യം ഇപ്പോൾ പ്രസക്തമല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ആനക്കയം ഗ്രാമപഞ്ചായത്ത് (ഫയൽ നം 42782/ഡി.എ2/13/തസ്വഭവ) തീയതി.17.07.2013**

തനതുഫണ്ട് ഉപയോഗിച്ച് പഞ്ചായത്ത് സമിതി തീരുമാനം നടപ്പാക്കാവുന്നതാണെന്ന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം 41244/ഡി.എ2/13/തസ്വഭവ) തീയതി.17.07.2013**

ക്ഷീര കർഷക സ്വയംസഹായ സംഘങ്ങൾക്ക് കറവയന്ത്രം നൽകുന്നതു സംബന്ധിച്ച് അടുത്തവർഷത്തെ സബ്സിഡി മാനദണ്ഡങ്ങളിൽ പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്ത് തീയതി.17.07.2013**

ജില്ലാ പ്ലാനിംഗ് ഓഫീസർ ഉന്നയിച്ച വിഷയം അക്രഡിറ്റേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കു നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പോരൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 40885/13/തസ്വഭവ) തീയതി.17.07.2013**

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ ഗ്രാമസേവാകേന്ദ്രം നിർമ്മിക്കുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കൊടുങ്ങല്ലൂർ നഗരസഭ (ഫയൽ നം. 39079/ഡി.എ3/13/തസ്വഭവ) തീയതി.17.07.2013**

കൊടുങ്ങല്ലൂർ നഗരസഭയുടെ 2012-13 വർഷത്തെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് നടപടിയെടുക്കാൻ സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി - മത്സ്യ മേഖലയിലെ പുനക്രമീകരണം - ഫിഷറീസ് ഡയറക്ടറുടെ കത്ത് (ഫയൽ നം.43049/ഡി.എ1/13/തസ്വഭവ) തീയതി.17.07.2013**

സബ്സിഡി മാനദണ്ഡങ്ങൾ പരിഷ്ക്കരിക്കുമ്പോൾ ആവശ്യം പരിഗണിക്കാമെന്ന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 അംഗനവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കൽ (ഫയൽ നം.39559/ ഡി.എ1/13/തസ്വഭവ) തീയതി.17.07.2013**

സംഘടനയുടെ ആവശ്യം സംബന്ധിച്ച് ഭരണ വകുപ്പുതല തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽനം. 43875/ഡി.ബി.3/13/തസ്വഭവ) തീയതി.17.07.2013**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിലെ ആവശ്യം അടുത്ത വാർഷിക പദ്ധതിയിൽ പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗരേഖയിലെ അവ്യക്തത സംബന്ധിച്ച് (ഫയൽ നം.34432/ഡി.എ1/13/തസ്വഭവ) തീയതി.17.07.2013**

ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ 2014-15 വർഷത്തെ സബ്സിഡി മാനദണ്ഡങ്ങളും മാർഗരേഖയും പരിഷ്ക്കരിക്കുമ്പോൾ പരിഗണിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 മൂർക്കനാട് ഗ്രാമപഞ്ചായത്ത് (ബഹു. എം.എൽ.എ. ശ്രീ.ടി.എ അഹമ്മദ് കബീർ മുഖേന അപേക്ഷിച്ചത്) തീയതി.17.07.2013**

കുടിവെള്ള വിതരണത്തിനായി അധിക തുക അനുവദിക്കാനുള്ള ആവശ്യം ഭരണ വകുപ്പുതലത്തിൽ പരിശോധിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത് തീയതി.17.07.2013**

ജൈവ വൈവിദ്ധ്യ പാർക്കിന്റെ തുടർ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന് പ്രത്യേക ഫണ്ട് അനുവദിക്കാൻ കഴിയുകയില്ലെന്നും പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് ചെലവാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 പാലക്കാട് ജില്ലാ പഞ്ചായത്ത് തീയതി.17.07.2013**

എടപ്പാലം മൂർക്കനാട് പാലം ആന്റ് അപ്രോച്ച് റോഡ് പണിക്ക് അധിക തുക അനുവദിക്കാനുള്ള ആവശ്യം ഭരണ വകുപ്പുതലത്തിൽ പരിശോധിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 മലപ്പുറം ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ പ്രതീക്ഷാ പദ്ധതിക്ക് ഹോണറേറിയം നൽകുന്നത് എത്രയാണെന്നും ആർക്കൊക്കെയാണെന്നും ഏത് ഫണ്ട് ഉപയോഗിക്കും എന്നുമുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് തീയതി.17.07.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 താനാളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 43900/ഡി.എ.2/13/തസ്വഭവ)**
**തീയതി.17.07.2013**

സൈക്കിളും ഫർണിച്ചറും വാങ്ങുന്നത് പ്രൊക്യുവർമെന്റ് മാനുവൽ നിബന്ധന പ്രകാരമായിരിക്കണമെന്ന് തീരുമാനിച്ചു. ലാപ്ടോപ്പ് വിതരണം സംബന്ധിച്ച് 05.02.2012-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ ഇനം.2.8 പ്രകാരം വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ കൈക്കൊണ്ട തീരുമാനം താനാളൂർ ഗ്രാമപഞ്ചായത്തിനും ബാധകമാക്കി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**
**(ഫയൽ നം. 42140/ഇ. ഡബ്ല്യൂ.3/13/തസ്വഭവ) തീയതി.17.07.2013**

ചീഫ് എഞ്ചിനീയറുടെ ആവശ്യം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാനും മാസംതോറും ചേരുന്ന ഡി.ഡി.പി.മാരുടെ യോഗത്തിൽ പരിശോധിച്ച് തീരുമാനിക്കാനും യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 43945/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.17.07.2013**

ഓച്ചിറ ബ്ലോക്ക് പ്രത്യേക അനുവാദം ആവശ്യപ്പെടുന്ന വിഷയങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽ വരുന്നവയല്ലെന്നും അതിനാൽ പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കാറളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 44533/ഡി.ബി.1/13/തസ്വഭവ)**
**തീയതി.17.07.2013**

പൊതുവിഷയം 2.6 നടപടിക്കുശേഷം തീരുമാനിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 42651/ഡി.ഡി.2/13/തസ്വഭവ)**
**തീയതി.17.07.2013**

കോയിപ്രം ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കേണ്ടതില്ലെന്നും തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 44268/ഡി.ബി3/13/തസ്വഭവ)**
**തീയതി.17.07.2013**

റോഡ് മെയിന്റനൻസ് ഫണ്ട് പുതിയ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാൻ പാടില്ലെന്ന മാർഗ നിർദ്ദേശം പാലിക്കേണ്ടതാണെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കത്ത്**
**(ഫയൽ നം. 45053/ഇ. ഡബ്ല്യൂ3/13/തസ്വഭവ) തീയതി.17.07.2013**

04.07.2013-ലെ ജി.ഒ.(എം.എസ്) നം.244/13/തസ്വഭവ ഉത്തരവിന് 2014-15 വാർഷിക പദ്ധതി മുതൽ പ്രാബല്യം നൽകിയാൽ മതിയെന്ന് യോഗം തീരുമാനിച്ചു. ഷെഡ്യൂൾ നിരക്ക് (SOR) തൽക്കാലം പരിഷ്ക്കരിക്കേണ്ടതില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കത്ത്**
**(ഫയൽ നം. 44694/ഡി.ബി3/13/തസ്വഭവ) തീയതി.17.07.2013**

29.05.2013-ലെ 1395/13 തസ്വഭവ ഉത്തരവനുസരിച്ചുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഇപ്പോൾ തന്നെയുണ്ടെന്ന് യോഗം നിരീക്ഷിച്ചു. 15 ലക്ഷം രൂപയിൽ കുറഞ്ഞ പ്രോജക്ടുകളെ സംബന്ധിച്ച് ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്നും തീരുമാനിച്ചു. എസ്.സി. കോളനികൾക്കുള്ളിലെ റോഡുകൾക്ക് വീതി ബാധകമല്ല എന്നും തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്ത യോഗം 24.07.2013-ന് രാവിലെ 8 മണിക്ക് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതിന് തീരുമാനിച്ചു.**

**(യോഗം 9.30 ന് അവസാനിച്ചു)**